**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4721    14.11.2019-ൽ മറുപടിയ്ക്ക്**

## തമ്മനം-പുല്ലേപ്പടി റോഡുനിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കോർപ്പറേഷന്റെയോ മുനിസിപ്പാലിറ്റിയുടെയോ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) & (ബി) | തമ്മനം - പുല്ലേപ്പടി റോഡ് കൊച്ചി കോർപ്പറേഷന്റെ അധീനതയിലാണ്. നാളിതുവരെ പൊതുമരാമത്ത് വകുപ്പിന് സ്ഥലം കൈമാറിയിട്ടില്ല. നിലവിൽ തദ്ദേശസ്വയംഭരണ റോഡുകൾ ഒന്നും തന്നെ ഏറ്റെടുക്കേണ്ടതില്ലായെന്നാണ് സർക്കാർ തീരുമാനം. എന്നാൽ ടി റോഡ് സർക്കാർ ഏറ്റെടുത്ത് 22 മീറ്റർ വീതിയിൽ പണിയുന്നതിന് കോടതി നിർദ്ദേശിച്ച സാഹചര്യത്തിൽ ബഹു. എം.എൽ.എ. കോർപ്പറേഷൻ അധികാരികളുമായി ചർച്ച ചെയ്ത് റോഡ് പി.ഡബ്ല്യു.ഡി യ്ക്ക് കൈമാറുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) എറണാകുളം ജില്ലയിലെ തമ്മനം-പുല്ലേപ്പടി റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ